ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 28.01.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1) രണ്ട് ദിവസത്തെ ഉത്കർഷ് ഒഡീഷ: മേക്ക് ഇൻ ഒഡീഷ കോൺക്ലേവ് ഇന്ന് ഭുവനേശ്വറിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും.

Prime Minister Narendra Modi will inaugurate the two day long Utkarsh Odisha: Make in Odisha Conclave in Bhubaneswar today.

2) ക്രിയാത്മക സമ്പദ് വ്യവസ്ഥയുടെ കേന്ദ്രമായി ഇന്ത്യ മാറുമെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.

Union Minister Ashwini Vaishnav said India will become a hub for the creative economy.

3) കൈലാസ് മാൻസരോവർ യാത്ര പുനരാരംഭിക്കുന്നതിനും ഇരുരാജ്യങ്ങൾക്കുമിടയിൽ നേരിട്ടുള്ള വിമാന സർവീസുകൾ പുനഃസ്ഥാപിക്കുന്നതിനും ഇന്ത്യയും ചൈനയും തമ്മിൽ ധാരണ.

India and China decide to resume Kailash Mansarovar Yatra and direct Air services between the two countries.

4) മൗനി അമാവാസ്യ ദിനത്തോടനുബന്ധിച്ച് നാളെ നടക്കുന്ന മഹാകുംഭമേളയ്ക്കൊരുങ്ങി പ്രയാഗ് രാജ്.

All arrangements have been made for the Maha Kumbh Mela in view of Mouni Amavasya to be held in Prayag Raj tomorrow.

5) 38-ാ മത് ദേശീയ ഗെയിംസ് ഇന്ന് ഡെറാഡൂണിൽ ആരംഭിക്കും. പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം നിർവ്വഹിക്കും.

Prime Minister Narendra Modi will inaugurate the 38th National Games in Dehradun today.

6) **രണ്ട് ദിവസത്തെ വിഴിഞ്ഞം കോൺക്ലേവിന് ഇന്ന് തിരുവനന്തപുരത്ത് തുടക്കം. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.**

**Two-day Vizhinjam Conclave to begin today in Thiruvananthapuram. Chief Minister Pinarayi Vijayan will inaugurate the event.**

==========================================

## MORN. PM- MAKE-IN ODISHA

രണ്ട് ദിവസത്തെ **ഉത്കർഷ് ഒഡീഷ: മേക്ക് ഇൻ ഒഡീഷ** കോൺക്ലേവിന് ഇന്ന് ഭുവനേശ്വറിൽ തുടക്കമാകും. പ്രധാനമന്ത്രി നരേന്ദ്രമോദി കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. 20 വിദേശ രാജ്യങ്ങളിൽ നിന്നുൾപ്പെടെ **7,500**-ലധികം പേർ പരിപാടിയിൽ പങ്കെടുക്കും. കർഷകർക്കും തൊഴിലാളികൾക്കും വിപുലമായ അവസരങ്ങൾ സൃഷ്ടിക്കുന്നത് ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന കോൺക്ലേവിൽ നൂറിലധികം ധാരണാപത്രങ്ങൾ ഒപ്പുവെക്കും. ഒഡീഷയിൽ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാനും രാജ്യത്തെ നിർമ്മാണ കേന്ദ്രമായി ഒഡീഷയെ മാറ്റാൻ ലക്ഷ്യമിട്ടുമാണ് **ഉത്കർഷ് ഒഡീഷ കോൺക്ലേവ്** സംഘടിപ്പിച്ചിരിക്കുന്നത്.

==========================================

## N.C.C PM RALLY- (INTRO)

**ഒരു രാജ്യം ഒരു തെരഞ്ഞെടുപ്പ്** സംബന്ധിച്ച് യുവാക്കൾ ചർച്ചകൾ നടത്തണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. തെരഞ്ഞെടുപ്പുകൾ വിവിധ ഘട്ടങ്ങളിലായി നടത്തുന്നത് സമാധാനം, വളർച്ചയുടെ വേഗത എന്നിവ കുറയ്ക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ന്യൂഡൽഹിയിലെ കരിയപ്പ പരേഡ് ഗ്രൗണ്ടിൽ ഇന്നലെ NCC വാർഷിക P.M റാലിയെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. രാഷ്ട്ര വികസനത്തിൽ യുവാക്കളുടെ സംഭാവനകളെ അഭിനന്ദിച്ച

പ്രധാനമന്ത്രി യുവജനങ്ങൾ ആഗോള നന്മയുടെ ശക്തിയാണെന്നും അഭിപ്രായപ്പെട്ടു.

**(VOICE.........)**

കഴിഞ്ഞ 10 വർഷങ്ങൾക്കുള്ളിൽ **ഒരു ലക്ഷത്തി 50,000** സ്റ്റാർട്ടപ്പുകൾ പുതുതായി ആരംഭിച്ചതായും അവയെല്ലാം ലോകത്തിലെ തന്നെ മുന്തിയ കമ്പനികളാണെന്നും ശ്രീ മോദി വ്യക്തമാക്കി. ഒരു മാസം ദൈർഘ്യമുള്ള NCC - റിപ്പബ്ലിക് ഡേ ക്യാമ്പിന് സമാപനം കുറിച്ചുകൊണ്ടാണ് 'യുവ ശക്തി, വികസിത ഭാരതം" എന്ന പ്രമേയത്തെ അടിസ്ഥാനമാക്കി റാലി സംഘടിപ്പിച്ചത്. 800-ലധികം കേഡറ്റുകൾ പങ്കെടുത്ത സാംസ്കാരിക പരിപാടിയും അരങ്ങേറി.

==============================================

**PM- TRUMP**

പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപുമായി ടെലിഫോൺ സംഭാഷണം നടത്തി. അമേരിക്കൻ പ്രസിഡൻറായി സ്ഥാനമേറ്റ ശേഷം ശ്രീ മോദിയുമായി ട്രംപ് നടത്തുന്ന ആദ്യ സംഭാഷണമാണ് ഇത്. രണ്ടാം തവണയും പ്രസിഡൻറായി സ്ഥാനമേറ്റതിനെ ട്രംപിനെ ശ്രീ മോദി അഭിനന്ദിച്ചു. ഇരു രാജ്യങ്ങൾക്കും പ്രയോജനകരമാകുന്നതും വിശ്വാസത്തിലൂന്നിയുള്ളതുമായ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ഇരു രാജ്യങ്ങളും പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

==============================================

**DR. S. JAISHANKAR – (INTRO)**

ആഗോള ക്രമം പ്രകടമായ പരിവർത്തനത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന കാലത്ത് ഇന്ത്യയും യു.എ.ഇ യും തമ്മിലുള്ള സഹകരണത്തിന് ഏറെ

പ്രാധാന്യമുണ്ടെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ പറഞ്ഞു. യു.എ.ഇയിലെ ഇന്ത്യൻ എംബസി സംഘടിപ്പിച്ച 76-ാമത് റിപ്പബ്ലിക് ദിനാഘോഷത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇരു രാജ്യങ്ങളും തമ്മിൽ അന്താരാഷ്ട്ര വിഷയങ്ങളിലുള്ള സഹകരണം ശക്തിപ്പെടുത്തുന്നതിൽ ശ്രീ ജയ്ശങ്കർ ആത്മവിശ്വാസം പ്രകടിപ്പിച്ചു. ഇന്ന് അബുദാബിയിൽ ആരംഭിക്കുന്ന റെയ്സിന മിഡിൽ ഈസ്റ്റ് സമ്മേളനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ കേന്ദ്ര വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ മുഖ്യപ്രഭാഷണം നടത്തും.

**(...VOICE...)**

==============================================

## I & B MINISTER - WAVE

സിനിമ, ടെലിവിഷൻ, സംഗീതം, ഗെയിമിംഗ് തുടങ്ങിയ വ്യവസായങ്ങളെ ഒരുമിച്ച് കൊണ്ടുവരുന്നത് ലക്ഷ്യമിട്ട് രൂപകൽപ്പന ചെയ്ത വേവ്സ് ബസാർ സംരംഭത്തിന് തുടക്കമായി. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവും സാംസ്കാരിക മന്ത്രി ഗജേന്ദ്ര സിംഗ് ഷെഖാവത്തും ചേർന്ന് ഉദ്ഘാടനം നിർവഹിച്ചു. ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ വാ ഉസ്താദ് ചലഞ്ച്, വേവ്സ് പുരസ്കാരങ്ങൾ എന്നിവയ്ക്കും തുടക്കം കുറിച്ചു. ഇന്ത്യൻ പൈതൃകത്തിനും സംസ്കാരത്തിനും ലോകത്ത് വലിയ പ്രാധാന്യമാണുള്ളതെന്നും ക്രിയാത്മക സമ്പദ്‌വ്യവസ്ഥയുടെ കേന്ദ്രമായി ഇന്ത്യ മാറുമെന്നും ശ്രീ അശ്വിനി വൈഷ്ണവ് പറഞ്ഞു.

==============================================

## INDIA – CHINA

ഉഭയകക്ഷി ബന്ധത്തിലെ പുരോഗതി അവലോകനം ചെയ്ത് ഇന്ത്യയും ചൈനയും. രണ്ട് ദിവസത്തെ സന്ദർശനത്തിനായി ചൈനയിലെത്തിയ വിദേശകാര്യ സെക്രട്ടറി വിക്രം മിശ്രി

ചൈനീസ് ഭരണ നേതൃത്വവുമായി നടത്തിയ ചർച്ചയിലാണ് ഇരു പക്ഷവും ഉഭയകക്ഷി ബന്ധത്തിലെ പുരോഗതി വിലയിരുത്തിയത്. കൈലാസ് മാൻസരോവർ യാത്ര പുനരാരംഭിക്കുക, ഇരു രാജ്യങ്ങൾക്കുമിടയിൽ നേരിട്ടുള്ള വിമാന സർവീസുകൾ പുനഃസ്ഥാപിക്കുക, അതിർത്തി കടന്നുള്ള നദികളുടെ വിവരങ്ങൾ പങ്കുവയ്ക്കുക തുടങ്ങിയ വിഷയങ്ങളിൽ ഇരുപക്ഷവും തീരുമാനങ്ങൾ കൈക്കൊണ്ടതായി വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. നിലവിലുള്ള കരാറുകൾ പ്രകാരം അതിനുള്ള മാർഗങ്ങൾ ബന്ധപ്പെട്ട സംവിധാനം ചർച്ച ചെയ്യും. നദി ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി യോഗം ചേരാനും ധാരണയായി.

==========================================

## MAHAKUMBH - HEALTH CARE

പ്രയാഗ്‌രാജിലെ മഹാകുംഭമേളയുടെ ഭാഗമായി നാളെ നടക്കുന്ന മൗനി അമാവാസിക്ക് മുന്നോടിയായി തീർഥാടകരുടെ ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനുള്ള മികച്ച ക്രമീകരണം ഏർപ്പെടുത്തിയതായി അധികൃതർ പറഞ്ഞു. പ്രയാഗ്‌രാജ് മേള അതോറിറ്റി മഹ്കുംഭമേള പരിസരത്ത് 100 കിടക്കകളുള്ള ആശുപത്രി സജ്ജമാക്കിയിയിട്ടുണ്ട്.ആരോഗ്യപ്രവർത്തകരെയും, വിദഗ്ധരെയും വിന്യസിച്ചിട്ടുണ്ട്.

==========================================

## HEALTH INTERVENTIONS GBS

മഹാരാഷ്ട്രയിലെ പൂനെയിൽ ഗില്ലൻ ബാരി സിൻഡ്രോം അഥവാ ജിബിഎസ് ആശങ്ക നിലനിൽക്കുന്ന പശ്ചാത്തലത്തിൽ ഉന്നതതല സംഘത്തെ നിയോഗിച്ച് കേന്ദ്ര ആരോഗ്യ മന്ത്രാലയം. നാഷണൽ സെൻറർ ഫോർ ഡിസീസ് കൺട്രോൾ, നിംഹാൻസ്, മഹാരാഷ്ട്ര ആരോഗ്യ വകുപ്പ്, എൻഐവി പൂനെ

എന്നിവയിൽ നിന്നുള്ള ഏഴ് പേരുടെ സംഘത്തെയാണ് നിയോഗിച്ചിരിക്കുന്നത്.

==============================================

## PIYUSH GOYAL-OMAN-CEPA

മസ്കറ്റിലെത്തിയ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ ഒമാൻ മന്ത്രി ഖായിസ് ബിൻ മുഹമ്മദ് അൽ യൂസഫുമായി കൂടിക്കാഴ്ച നടത്തി. സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാറിലെ ചർച്ചകൾ മുന്നോട്ട് കൊണ്ടുപോകുക, വ്യാപാര നിക്ഷേപ ബന്ധങ്ങൾ ശക്തിപ്പെടുത്തുക, ഉഭയകക്ഷി പങ്കാളിത്തം വർധിപ്പിക്കുക തുടങ്ങിയ വിഷയങ്ങൾ ചർച്ചയായതായി ശ്രീ ഗോയൽ സമൂഹ മാധ്യമത്തിലൂടെ അറിയിച്ചു. വരാനിരിക്കുന്ന സംയുക്ത കമ്മിഷൻ യോഗത്തിന് ഊർജമേകാൻ സന്ദർശനം പ്രയോജനകരമാകുമെന്ന് ശ്രീ ഗോയൽ പ്രത്യാശ പ്രകടിപ്പിച്ചു. മസ്കറ്റിൽ ഇന്ത്യൻ എംബസി സംഘടിപ്പിച്ച 76-ാമത് റിപ്പബ്ലിക് ദിന പരിപാടിയിലും അദ്ദേഹം പങ്കെടുത്തു. ഒമാൻ മന്ത്രി അൽ യൂസഫ്, ഉന്നത ഉദ്യോഗസ്ഥർ, ഇന്ത്യൻ പ്രവാസി സമൂഹം ഉൾപ്പെടെ പരിപാടിയിൽ പങ്കെടുത്തു. രണ്ട് ദിവസത്തെ സന്ദർശനത്തിന്റെ ഭാഗമായി ഇന്ന് 11-ാമത് സംയുക്ത കമ്മീഷൻ യോഗത്തിൽ കേന്ദ്രമന്ത്രി പങ്കെടുക്കും.

==============================================

## LALA LAJPAT RAI - BIRTH ANNIVERSARY

ലാലാ ലജ്പത് റായിയുടെ 160-ാം ജന്മ വാർഷികത്തിൽ രാജ്യത്തിന്റെ ശ്രദ്ധാഞ്ജലി. 1865-ൽ പഞ്ചാബ് പ്രവശ്യയിലെ ഫരീദ്കോട്ടിൽ ജനിച്ച അദ്ദേഹം സ്വദേശി പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ സ്വാതന്ത്ര്യ സമര സേനാനിയായിരുന്നു. പഞ്ചാബ് കേസരി എന്നറിയപ്പെടുന്ന ലാലാ ലജ്പത് റായി 1928-ൽ സൈമൺ കമ്മിഷനെതിരെ സമാധാനപരമായി നടന്ന

സമരത്തിൽ പൊലീസ് ലാത്തിച്ചാർജിനെ തുടർന്ന് സാരമായി പരിക്കേറ്റ് മരണമടയുകയായിരുന്നു.

=========================================

## PM-NATIONAL GAMES

38-ാമത് ദേശീയ ഗെയിംസ് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉത്തരാഖണ്ഡിൽ ഉദ്ഘാടനം ചെയ്യും. ഡെറാഡൂണിലെ മഹാറാണ പ്രതാപ് സ്റ്റേഡിയത്തിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര മന്ത്രിമാർ, ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ പ്രതിനിധികൾ, ദേശീയ താരങ്ങൾ അടക്കമുള്ളവർ പങ്കെടുക്കും. ചടങ്ങിൽ പങ്കെടുക്കുന്നതിനായി ഒളിമ്പിക് അസോസിയേഷൻ പ്രസിഡൻറ് പി ടി ഉഷ ഇന്നലെ ഡറാഡൂണിൽ എത്തിയിരുന്നു. എട്ട് ജില്ലകളിലെ 11 നഗരങ്ങളിൽ അടുത്ത മാസം 14 വരെയാണ് ദേശീയ ഗെയിംസ്. ബാസ്കറ്റ് ബോൾ,
വോളി ബോൾ, ബീച്ച് ഹാൻഡ്ബോൾ, ഖോ ഖോ തുടങ്ങി വിവിധ ഇനങ്ങളിൽ കേരളത്തിൽ നിന്നുള്ള താരങ്ങളും മത്സരത്തിനിറങ്ങും.

=========================================

## CRICKET-IND VS ENG

ഇന്ത്യ- ഇംഗ്ലണ്ട് മൂന്നാം ടി-20 ക്രിക്കറ്റ് മത്സരം ഇന്ന് ഗുജറാത്തിലെ രാജ്കോട്ടിൽ നടക്കും. വൈകുന്നേരം 7 മണിയ്ക്കാണ് മത്സരം ആരംഭിക്കുന്നത്. അഞ്ച് മത്സരങ്ങളുടെ പരമ്പരയിൽ സൂര്യകുമാർ യാദവിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ ടീം രണ്ട് കളികൾ ജയിച്ച് മുന്നിട്ട് നിൽക്കുകയാണ്.

=========================================

## HOCKEY INDIA LEAGUE

ഇന്നലെ ഒഡീഷയിൽ നടന്ന ഹോക്കി ഇന്ത്യ ലീഗ് പുരുഷ ഹോക്കിയിൽ വേദാന്ത കലിംഗ ലാൻസേഴ്സിനെതിരെ സോർമ ഹോക്കി ക്ലബ്ബിന് വിജയം. മറ്റൊരു മത്സരത്തിൽ

ഷ്രോച്ചി രാർ ബംഗാൾ ടൈഗേഴ്സ്, ഡൽഹി എസ്ജി പൈപ്പേഴ്സിനെ പരാജയപ്പെടുത്തി. ഇതോടെ ബംഗാൾ ടൈഗേഴ്സ് സെമിഫൈനലിൽ പ്രവേശിച്ചു. ഇന്ന് ടീം ഗോനാസിക ഹൈദരാബാദ് ടൂഫാൻസിനെ നേരിടും. രാത്രി 8.15 നാണ് മത്സരം.

==========================================

## U19 WOMENS WORLD CUP CRICKET

മലേഷ്യയിലെ ക്വാലാലംപൂരിൽ നടക്കുന്ന അണ്ടർ-19 വനിതാ ലോകകപ്പ് ക്രിക്കറ്റിൽ നിലവിലെ ചാമ്പ്യൻമാരായ ഇന്ത്യ സൂപ്പർ സിക്സ് സ്റ്റേജിലെ തങ്ങളുടെ അവസാന മത്സരത്തിൽ ഇന്ന് സ്ക്കോട്ലൻഡിനെ നേരിടും. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 12 മണിക്കാണ് മത്സരം. ഓസ്ട്രേലിയയോടൊപ്പം ഗ്രൂപ്പ് 1 ൽ നിന്ന് ഇന്ത്യയും നേരത്തെ സെമി യോഗ്യത നേടിയിരുന്നു.

==========================================

## KERALA CM -VIZHINJAM

വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട ആദ്യ രാജ്യാന്തര കോൺക്ലേവ് ഇന്ന് തിരുവനന്തപുരത്ത് ആരംഭിക്കും. രാവിലെ മുഖ്യമന്ത്രി പിണറായി വിജയൻ രണ്ട് ദിവസത്തെ കോൺക്ലേവ് ഉദ്ഘാടനം ചെയ്യും. 300 പ്രതിനിധികളും 50-ലധികം പ്രമുഖ നിക്ഷേപകരും പങ്കെടുക്കും.

==========================================

## PRIYANKA - WAYANAD VISIT

പ്രിയങ്കാ ഗാന്ധി എം പി നാളെ വയനാട്ടിൽ എത്തും. കടുവയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ട മാനന്തവാടി പഞ്ചാരക്കൊല്ലിയിലെ രാധയുടെ വീട് സന്ദർശിക്കും. അന്തരിച്ച ഡി.സി.സി. ട്രഷറർ NM വിജയന്റെ കുടുംബാംഗങ്ങളെയും ശ്രീമതി പ്രിയങ്ക സന്ദർശിക്കും. കൽപ്പറ്റയിൽ കലക്ടറേറ്റിൽ നടക്കുന്ന ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിൽ പങ്കെടുക്കും. തുടർന്ന് പ്രതിപക്ഷ നേതാവ് വി. ഡി. സതീശൻ നയിക്കുന്ന

യു.ഡി. എഫ്. മലയോര ജാഥയിൽ മേപ്പാടിയിൽ നടക്കുന്ന പൊതുയോഗത്തിൽ പങ്കെടുക്കുന്ന ശ്രീമതി പ്രിയങ്ക തിരികെ ഡൽഹിക്ക് പോവും.

==============================================

**CBI- SHIMLA**

ഷിംലയിലെ കോട്ഖായിൽ പ്രായപൂർത്തിയാകാത്ത സ്കൂൾ വിദ്യാർത്ഥിനിയെ പീഡിപ്പിച്ച് കൊലപ്പെടുത്തിയ കേസിലെ പ്രതിയുടെ കസ്റ്റഡി മരണത്തിന് മുൻ ഹിമാചൽ പ്രദേശ് പോലീസ് ഇൻസ്പെക്ടർ ജനറലിനും മറ്റ് ഏഴ് പോലീസുകാർക്കും ചണ്ഡിഗഢിലെ പ്രത്യേക സിബിഐ കോടതി ജീവപര്യന്തം തടവ് വിധിച്ചു. ഹിമാചൽ പ്രദേശിന്റെ ചരിത്രത്തിൽ ഇതാദ്യമായാണ് അന്വേഷണം നടത്തുന്ന പ്രത്യേക അന്വേഷണ സംഘത്തിന് കോടതി ജീവപര്യന്തം ശിക്ഷ വിധിക്കുന്നത്. 2017 ജൂലായിലാണ് കേസിനാസ്പദമായ സംഭവം.

==============================================

**PUNJAB-PAK**

പഞ്ചാബ് അതിർത്തിയിൽ നുഴഞ്ഞു കയറിയ അഞ്ച് പാകിസ്ഥാൻ പൗരന്മാരെ അതിർത്തി സുരക്ഷാ സേന പിടികൂടി. 2024 ജനുവരി മുതൽ ഇതുവരെ പാകിസ്ഥാനിൽ നിന്ന് ഇന്ത്യയിലേക്ക് നുഴഞ്ഞു കയറാൻ ശ്രമിച്ച 30 പാക്ക് പൗരന്മാരെയാണ് സൈന്യം പിടികൂടിയത്.

==============================================

==============================================

==============================================